**എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം**

149 (1575) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കട്ടച്ചിറ വെള്ളാപ്പള്ളി നടേശൻ എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥി മാനേജ്മെന്റിന്റെ പീഡനത്തെ തുടർന്ന് ആത്മഹത്യക്ക് ശ്രമിച്ച എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വെള്ളാപ്പള്ളി നടേശൻ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ശ്രീ. ഗണേഷ്, ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് വാസു എന്നിവർക്കെതിരെ വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 367/2017 u/s 511 of 306, 506, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഉന്നത തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് വിജിലൻസ് ക്ലിയറൻസ്**

150 (1576) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഉന്നത തസ്തികകളിൽ ലഭ്യമാക്കിയ നിയമിക്കപ്പെട്ടവർക്കെല്ലാം വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് ; ആർക്കൊക്കെ വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടില്ല;

(ബി) ഉന്നത നിയമനങ്ങൾക്ക് പുറമേ മറ്റ് ഏതെല്ലാം കാര്യങ്ങൾക്കാണ് വിജിലൻസിന്റെ അനുമതി നിർബന്ധമായിട്ടുള്ളത്; ഇത് സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ ;

(സി) ഇല്ലെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി&സി) പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും ഉന്നതതല നിയമനങ്ങളിലേക്കും നിയമിക്കുന്നതിന് വിജിലൻസ് ക്ലിയറൻസ് തേടണം എന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സർക്കുലറുകൾക്ക് പുറമേ, 15-10-2016 തീയതിയിലെ സ.ഉ.(പി) നമ്പർ 45/2016/ആ.സാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly